# Jesus Youth RECOMMITMENT DAY

പ്രാർത്ഥനാക്രമം

A MISSIONARY MOVEMENT
AT THE SERVICE OF THE CHURCH

## ജീസസ് യൂത്ത് പുന:സമർപ്പണ ദിനം 2019
## ദിവ്യബലി മധ്യേയുള്ള സമർപ്പണം

### 1) ആമുഖ പ്രാർത്ഥന

നയിക്കുന്നയാൾ : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം : ആമ്മേൻ

നയിക്കുന്നയാൾ : കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ.

സമൂഹം : കർത്താവേ, അങ്ങയുടെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.

നയിക്കുന്നയാൾ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ

നയിക്കുന്നയാൾ : യേശു പഠിപ്പിച്ചതുപോലെ നമുക്കും പിതാവിനെ വിളിച്ചപേക്ഷിക്കാം.

സമൂഹം : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

### 2) പരിശുദ്ധാത്മാവിന് ഒരു സ്തോത്രഗീതം

***രചിച്ചത് വിശുദ്ധ ലൂയിസി മോണെഫോർട്ട്***

നയിക്കുന്നയാൾ : പ്രകാശത്തിന്റെ പിതാവേ എഴുന്നള്ളിവരണമെ, സ്നേഹമാകുന്ന ദൈവമേ,
എന്റെയുള്ളിൽ എന്റെ പ്രാർത്ഥന ഉളവാക്കണമെ.
ഏക സത്യം എന്നെ കാട്ടിത്തരണമെ

എന്റെ ആത്മാവിൽ ആഴ്ന്നിറങ്ങാനും എന്റെ ആത്മാവിനെ പൂരിതമാക്കനും അങ്ങയുടെ അഗ്നിയുടെ ഒരു കനൽ എന്റെ ആത്മാവിലേക്ക് അയക്കണമേ. രക്തസാക്ഷികൾ, കുമ്പസാരക്കാർ, അപ്പസ്തോലന്മാർ, പ്രവാചകന്മാർ, വീരപുരുഷന്മാർ, ധൈര്യശാലികൾ തുടങ്ങിയവർക്ക് ജന്മം നൽകുന്ന പരിശുദ്ധാത്മാവേ വരേണമെ. എന്റെ രക്ഷകൻ ചരിച്ചത് അങ്ങയുടെ തനതായ പാതയിലൂടെയാണ്. ആ പാതയിലൂടെ ചരിച്ച് എന്റെ രക്ഷകനെ ഞാനും അനുകരിക്കട്ടെ. അങ്ങ് അവിടത്തെ നയിച്ചതുപോലെ എന്നെയും നയിക്കണമെ.

### 3) സമർപ്പണം നടത്താൻ ക്ഷണം

കോ-ഓർഡിനേറ്റർ: സമർപ്പണ പ്രതിജ്ഞ നടത്താൻ ആഗ്രഹിക്കുന്നവർ ദയവായി എഴുന്നേറ്റു നിൽക്കുക / മുന്നോട്ടുവരിക.

**ജീസസ് യൂത്ത് സമർപ്പണ പ്രതിജ്ഞ**

**ആത്മശോധന**

കാർമ്മികൻ : ക്രിസ്തുവിൽ പ്രീയസഹോദരീ സഹോദരന്മാരെ, നിങ്ങൾ ജലത്താലും പരിശുദ്ധാത്മാവിനാലും കർത്തൃശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവരാണ്. ജീസസ് യൂത്തിലുള്ള നിങ്ങളുടെ സമർപ്പണ പ്രതിജ്ഞാ ഉടമ്പടിയിലൂടെ കർത്താവുമായി ഗാഢമായ ഐക്യത്തിലാക്കുവാൻ നിങ്ങൾ തീരുമാനിച്ചുറപ്പിച്ചുവോ.

അർഥികൾ : ദൈവസഹായത്താൽ ഞാൻ സന്നദ്ധനാണ്.

കാർമ്മികൻ : ക്രിസ്തുവിനെ പൂർണമായി അനുധാവനം ചെയ്യാനുള്ള നിങ്ങളുടെ ആഗ്രഹത്തിൽ, തിരുസഭയുടെ പരമാധികാരത്തിനു വിധേയപ്പെടാനും ജീസസ് യൂത്തിന്റെ ആദ്ധ്യാത്മികതയിൽ ജീവിക്കാനും ജീസസ് യൂത്തിന്റെ തുടർച്ചയായ രൂപവൽക്കരണം സ്വീകരിക്കാനും ജീസസ് യൂത്തിന്റെ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ പങ്കുചേരാനും നീ തീരുമാനിച്ചുറച്ചുവോ?

അർഥികൾ : ദൈവസഹായത്താൽ ഞാൻ സന്നദ്ധനാണ്.

കാർമ്മികൻ : നിന്റെ തീരുമാനങ്ങൾ നിറവേറ്റുവാൻ സർവശക്തനായ ദൈവം കൃപയരുളട്ടെ.

കാർമ്മികൻ : എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ ദൈവത്തോടും അവിടത്തെ തിരുസഭയോടും എന്താണ് അപേക്ഷിക്കുന്നത്?

| | | |
|---|---|---|
| അർത്ഥികൾ | : | ഞങ്ങൾ ദൈവത്തിന്റെ കരുണയും ജീസസ് യൂത്തിലും, അതിലൂടെയും, അവിടെ വിശ്വസ്തതാപൂർവ്വം ശുശ്രൂഷിക്കാനുള്ള കൃപയും യാചിക്കുന്നു. |

## സമർപ്പണം, പ്രതിജ്ഞ ഒപ്പുവയ്ക്കൽ

കാർമ്മികൻ അൾത്താരയുടെ മുന്നിൽ ഇരിക്കുന്നു. ഇരുവശങ്ങളിലായി ര് മുതിർന്ന നേതാക്കൾ സാക്ഷികളായി നിൽക്കുന്നു. അർഥികൾ ഓരോരുത്തരായി വന്ന് കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തി സമർപ്പണ പ്രതിജ്ഞ ഉറക്കെ ചൊല്ലുന്നു. തുടർന്ന് പ്രതിജ്ഞാപനം അൾത്താര യിൽ വച്ച് സാക്ഷികളുടെ മുമ്പാകെ ഒപ്പുവയ്ക്കുന്നു; അൾത്താരയുടെ മധ്യത്തിൽ വയ്ക്കുന്നു. പ്രതിജ്ഞ എടുക്കുന്നവരുടെ ംഖ്യ വലു താണെങ്കിൽ ഗ്രൂപ്പുകളായി ചെയ്യാവുന്നതാണ്.

### സമർപ്പണ പ്രതിജ്ഞ എടുത്തവർക്കുവേണ്ടിയുള്ള പ്രാർത്ഥന

| | | |
|---|---|---|
| കാർമ്മികൻ | : | കർത്താവേ, ഇന്ന് അങ്ങയുടെ സഭാമധ്യേ പ്രതിജ്ഞ ചെയ്തുകൊ് തങ്ങളുടെ ജീവിതം അങ്ങേയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള അങ്ങയുടെ ഈ പുത്രീപുത്രന്മാരെ കടാക്ഷിക്കണമെ. ഇവർ തങ്ങളുടെ ജീവിത ശൈലിയിലൂടെ തിരുനാമം മഹത്വപ്പെടുത്തുന്നതിനും അങ്ങയുടെ സ്നേഹനിർഭരമായ രക്ഷാകരപദ്ധതി പൂർത്തിയാക്കുന്ന തിനും ഇവരുടെമേൽ കരുണ വർഷിക്കണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി പ്രാർത്ഥന കേട്ടരുളണമെ. |
| സമൂഹം | : | ആമേൻ |

## 4) പ്രത്യുത്തരം

സഭാമാതാവിനോട് ചേർന്ന് നമുക്കു പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാം.

| | | |
|---|---|---|
| നയിക്കുന്നയാൾ | : | സ്രഷ്ടാവായ ആത്മാവേ വരണമേ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ വരണമേ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| നയിക്കുന്നയാൾ | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| നയിക്കുന്നയാൾ | : | പരിശുദ്ധാത്മാവ്, അത്യുന്നത ദൈവത്തിന്റെ ദാനം, ജീവിക്കുന്ന ഉറവ, അഗ്നി, സ്നേഹം, ആത്മാവിന്റെ അഭിഷേകം എന്നിങ്ങനെ അറിയപ്പെടുന്ന അങ്ങ്, |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| നയിക്കുന്നയാൾ | : | അങ്ങ്, അങ്ങയുടെ ദാനങ്ങളിൽ ഏഴിരട്ടിയാണ്, ദൈവത്തിന്റെ വലതുകൈയ്യിലെ വിരലാണ്, ഞങ്ങളുടെ അധരങ്ങളിൽ വാക്കുകൾ നിക്ഷേപിക്കുന്ന ദൈവപിതാവിന്റെ പരമോന്നത വാഗ്ദാനമാണ്. |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| നയിക്കുന്നയാൾ | : | ശത്രുവിനെ ദൂരെയകറ്റണമേ, വൈകാതെ ശാന്തിയേകണമെ, നയിക്കാൻ അങ്ങ് ഉള്ളതിനാൽ ഞങ്ങൾ എല്ലാ വിപത്തുകളെയും ഒഴിവാക്കും. |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |
| നയിക്കുന്നയാൾ | : | അങ്ങിലൂടെ പിതാവിനെ അറിയാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. ഒപ്പം പുത്രനേയും ഞങ്ങൾ അറിയട്ടെ; അവരിരുവരുടെയും ആത്മാവായ അങ്ങയോട് ഞങ്ങൾ എപ്പോഴും വിശ്വാസത്തിൽ ചേർന്നുനിൽക്കട്ടെ. |
| സമൂഹം | : | സ്രഷ്ടാവായ ആത്മാവേ, അങ്ങയുടെ സ്വന്തമായ മനസുകളെ സന്ദർശിക്കണമെ, അങ്ങ് സൃഷ്ടിച്ച ഹൃദയങ്ങളെ സ്വർഗീയ കൃപാവരത്താൽ നിറയ്ക്കണമെ. |

## 5) പരിശുദ്ധാത്മാവിനു പ്രതിഷ്ഠിക്കുന്ന പ്രാർത്ഥന

ദൈവത്തിന്റെ നിത്യനായ പരിശുദ്ധാത്മാവേ, സ്വർഗ്ഗീയ സാക്ഷികളുടെ മഹാസമൂഹത്തിനു മുമ്പിൽ, മുട്ടിൻമേൽ നിന്നുകൊണ്ട് എന്നെത്തന്നെ, എന്റെ ആത്മാവിനെയും ശരീരത്തെയും ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധിയുടെ വെണ്മയെയും അങ്ങയുടെ തെറ്റു വരാത്ത സൂക്ഷ്മമായ നീതിയെയും അങ്ങയുടെ സ്നേഹത്തിന്റെ ശക്തിയെയും ഞാൻ ആരാധിക്കുന്നു. അങ്ങുന്ന് എന്റെ ആത്മാവിന്റെ ശക്തിയും പ്രകാശവുമാകുന്നു. ഞാൻ അങ്ങയിൽ ജീവിക്കുകയും ചലിക്കുകയും ആയിരിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൃപാവരത്തോട് അവിശ്വസ്തത കാണിച്ച് അങ്ങയെ ഒരിക്കലും ദുഃഖിപ്പിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. അങ്ങേക്കെതിരായി ഏറ്റവും ചെറിയ പാപം പോലും ചെയ്ത് അങ്ങയെ ഉപദ്രവിക്കാൻ എനിക്ക് ഇടയാക്കല്ലേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ഓരോ ചിന്തയെയും അവിടുന്നു കാരുണ്യപൂർവ്വം കാത്തുസൂക്ഷിക്കണമേ, എപ്പോഴും അങ്ങയുടെ പ്രകാശത്തിലേക്കു നോക്കാനും അങ്ങയുടെ സ്വരം കേൾക്കാനും അങ്ങ

യുടെ കരണാമയമായ പ്രചോദനങ്ങളെ പിന്തുടരാനും എനിക്ക് അനുഗ്രഹം നൽകണമേ, ഞാൻ അങ്ങയിൽ പൂർണ്ണമായി ആശ്രയിക്കുന്നു. എന്നെത്തന്നെ അങ്ങേക്ക് സമർപ്പിക്കുന്നു. എന്റെ ബലഹീനതയിൽ എന്നെ സംരക്ഷിക്കണമെന്നു ഞാൻ യാചിക്കുന്നു.

യേശുവിന്റെ മുറിവേറ്റ പാദങ്ങളിൽ പിടിച്ചുകൊണ്ടും അവിടുത്തെ അഞ്ചുതിരുമുറിവുകളിൽ നോക്കികൊും അവിടുത്തെ അമൂല്യരക്തത്തിൽ ആശ്രയിച്ചുകൊണ്ടും അവിടുത്തെ വിലാപ്പുറത്തെയും കുത്തിമുറിവേല്പിക്കപ്പെട്ട ഹൃദയത്തെയും ആരാധിച്ചുകൊണ്ടും ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ആരാധ്യനായ പരിശുദ്ധാരൂപിയും ദൗർബല്യത്തിൽ എന്റെ സഹായിയുമായ അങ്ങയോടു ഞാൻ യാചിക്കുന്നു. ഞാൻ ഒരിക്കലും അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കാൻ അങ്ങയുടെ കൃപാവരത്താൽ സഹായിക്കണമേ. പരിശുദ്ധാത്മാവേ, പിതാവിന്റെയും പുത്രന്റെയും ചൈതന്യമേ, എനിക്ക് അനുഗ്രഹം നൽകണമേ. അങ്ങനെ എപ്പോഴും എല്ലായിടത്തും “കർത്താവേ, സംസാരിച്ചാലും അങ്ങയുടെ ദാസൻ കേൾക്കുന്നുണ്ട്.” എന്ന് ഞാൻ പറയാൻ ഇടയാകട്ടെ. ആമ്മേൻ.

## 6) മദ്ധ്യസ്ഥ പ്രാർത്ഥന

**തിരുസഭയ്ക്കും നമ്മുടെ സകല നിയോഗങ്ങൾക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.**

നമ്മുടെ പ്രത്യുത്തരം : പരിശുദ്ധാത്മാവേ എഴുന്നള്ളി വരണമേ

നയിക്കുന്നയാൾ : ഒരു പുതിയ പന്തക്കുസ്തായിൽ സഭയെ നവീകരിക്കുന്നതിന്,

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

നയിക്കുന്നയാൾ : ക്രൈവസ്തവർക്കിടയിൽ ഐക്യം ഉണ്ടാകുന്നതിന്

നയിക്കുന്നയാൾ : ജീസസ് യൂത്ത് മുന്നേറ്റം അങ്ങയുടെ വചനം ശ്രദ്ധിക്കുന്നതിനും സമൃദ്ധമായി ഫലം പുറപ്പെടുവിക്കുന്നതിനും വേണ്ടിയുള്ള അനുഗ്രഹത്തിനായി...

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

നയിക്കുന്നയാൾ : ക്ഷമയുടെ ആനന്ദം ഞങ്ങൾക്കു വെളിപ്പെടുത്തുന്നതിനായി

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

നയിക്കുന്നയാൾ : ഞങ്ങളുടെ അയൽപക്കക്കാരനെതിരെ ഞങ്ങളുടെ ഹൃദയം അടയ്ക്കാതിരുന്നതിന് അങ്ങയുടെ സ്നേഹത്താൽ ഞങ്ങൾ പൂരിതരാകാൻ

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

നയിക്കുന്നയാൾ : അങ്ങയുടെ വാഗ്ദാനമനുസരിച്ച് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നതിനായി ഞങ്ങളുടെ ജീവിതം രൂപാന്തരപ്പെടുവാൻ

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

നയിക്കുന്നയാൾ : വിഷാദത്തിന്റെയും അനിശ്ചിതത്വത്തിന്റെയും ഈ കാലഘട്ടത്തിൽ ഞങ്ങളുടെ പ്രത്യാശ നവീകരണപ്പെടുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ.

(സ്വാത്മ പ്രചോദിത യാചനകൾ)

## 7) ഉപസംഹാരം

നയിക്കുന്നയാൾ : നമ്മുടെ രക്ഷകൻ നമുക്കു നൽകിയ വാക്കുകളിൽ നമുക്കു പ്രാർത്ഥിക്കാം.

സമൂഹം : സ്വർഗ്ഗസ്ഥനായ ...

നയിക്കുന്നയാൾ : പരിശുദ്ധാത്മാവേ, ബലഹീനമായിരിക്കുന്നവരുടെ മേൽ അങ്ങ് നിശ്വസിക്കണമെ. ജീവനുള്ളതെങ്കിലം ഞങ്ങളിൽ ചാരം മൂടിക്കിടക്കുന്ന ഉപവിയുടെയും സ്നേഹത്തിന്റെയും അഗ്നിയെ ജ്വലിപ്പിക്കണമേ. അങ്ങിലൂടെ ഞങ്ങളുടെ ഹൃദയത്തിന്റെ ഭയവും ഇരുരാവുകളും പോലും പുതുജീവന്റെ പുത്തൻ പുലരിയായി മാറും.

സമൂഹം : ആമേൻ

നയിക്കുന്നയാൾ : കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ, സകലതിൽ നിന്നും സംരക്ഷിക്കട്ടെ; നിത്യജീവനിലേക്കു നയിക്കട്ടെ.

സമൂഹം : ആമേൻ.

**സമാപനഗാനം**